**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2325 — 09.03.2018 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷ്യവസ്തുക്കളും ഉറപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വേനൽക്കാലത്ത് വനത്തിനുള്ളിൽ ജല ലഭ്യതയും ഭക്ഷ്യവസ്തുക്കളും കുറവാണെന്നതുമൂലം വനത്തിലെ നിരവധി ജീവജാലങ്ങൾ ചത്തു പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അടുത്തിടെയൊന്നും ഇത്തരം ഒരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ജല ലഭ്യത ഉറപ്പാക്കുന്നതിന് മതിയായ തടയണകൾ നിർമ്മിക്കുന്നതിനും അവ പര്യാപ്തമാണെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പ് പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും, 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ, ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. |
| (സി) വനത്തിനുള്ളിൽ പക്ഷിമൃഗാദികളുടെ ഭക്ഷ്യാവശ്യം മുൻനിറുത്തി ഫലവൃക്ഷങ്ങൾ പ്രത്യേകം വച്ചു പിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ; | (സി) ഫലവൃക്ഷങ്ങൾ മാത്രമായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. |
| (ഡി) വനത്തിനുള്ളിൽ കൂടുതലായി ഫല വൃക്ഷതൈകൾ വച്ചുപിടിപ്പിക്ക-ന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) വനപ്രദേശങ്ങൾക്കനുയോജ്യമായ സസ്യജാലങ്ങൾ സ്വാഭാവികമായി തന്നെ കാടുകളിൽ ഉണ്ടാകുന്നുണ്ട്. അത്തരം സസ്യങ്ങൾക്ക് ഹാനികരമാകുന്ന പ്രവർത്തികൾ തടഞ്ഞ് സ്വാഭാവിക വനവത്ക്കരണം ത്വരിതപ്പെടുത്തു-ന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ